**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2148** **20-01-2021 - ൽ മറുപടിയ്ക്ക്**

**കായംകുളം മണ്ഡലത്തിൽ ആരോഗ്യമേഖലയിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു. പ്രതിഭ | | **Smt. K. K .Shailaja Teacher**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | കായംകുളം താലൂക്കാശുപത്രിയിൽ കിഫ്ബി വഴി നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | കായംകുളം താലൂക്കാശുപത്രിയുടെ വികസനം കിഫ്ബിയിൽപ്പെടുത്തി നിർവഹിക്കുന്നതിന് 45.67 കോടി രൂപയുടെ സാമ്പത്തികാനുമതി 12.10.2020ന് കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. സാമ്പത്തിക അനുമതി നൽകിയ ഉത്തരവിൽ ഹരിത ചട്ട പ്രകാരം GRIHA 3 star rating ലഭിക്കുന്നതിനാവശ്യമായ അധിക സാമ്പത്തിക അനുമതി കൂടി ലഭ്യമാക്കിയ ശേഷം ടെൻഡർ നടപടികളിലേയ്ക്ക് കടക്കുവാനാണ് കിഫ്ബി നിർദ്ദേശിച്ചിട്ടുള്ളത്. ഇത് പ്രകാരം അധിക സാമ്പത്തിക അനുമതിയ്ക്കുള്ള ശുപാർശ സ്പെഷ്യൽ പ്രപ്പസ് വെഹിക്കിളായ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തയ്യാറാക്കി വരികയാണ്. കിഫ്ബിയിൽപ്പെടുത്തി 22 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തിയാക്കിയ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം 2021 ജനുവരി മുതൽ പൂർണ്ണ തോതിൽ നടന്നു വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായംകുളം മണ്ഡലത്തിലെ ആരോഗ്യമേഖലയിൽ നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെയെന്നും ആകെ എത്ര തുക ഇതിലേയ്ക്കായി ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായംകുളം മണ്ഡലത്തിലെ ആരോഗ്യമേഖലയിൽ നടപ്പാക്കിയ പദ്ധതികൾ അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം (എ)

കായംകുളം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ചുവടെ ചേർക്കുന്ന ആശുപത്രികളിൽ 1600 പി.പി.ഇ കിറ്റുകൾ 9,18,252/- രൂപ ചെലവഴിച്ച ബഹു. എം.എൽ.എ അവർകളുടെ ഫണ്ടിൽ നിന്ന് വാങ്ങിയിട്ടുള്ളതാണ്.

| ക്രമ നം | സ്ഥാപനം | പി.പി.ഇ കിറ്റുകളുടെ എണ്ണം |
|---|---|---|
| 1 | താലൂക്കാശുപത്രി, കായംകുളം | 1000 |
| 2 | പ്രാഥമികാരോഗ്യ കേന്ദ്രം, പത്തിയൂർ | 100 |
| 3 | പ്രാഥമികാരോഗ്യ കേന്ദ്രം, കണ്ടല്ലൂർ | 100 |
| 4 | പ്രാഥമികാരോഗ്യ കേന്ദ്രം,ഭരണിക്കാവ് | 100 |
| 5 | പ്രാഥമികാരോഗ്യ കേന്ദ്രം,ചെട്ടികുളങ്ങര | 100 |
| 6 | പ്രാഥമികാരോഗ്യ കേന്ദ്രം, ദേവികുളങ്ങര | 100 |
| 7 | പ്രാഥമികാരോഗ്യ കേന്ദ്രം, കൃഷ്ണപുരം | 100 |

### 1. കായംകുളം താലൂക്കാശുപത്രി

| ക്രമ നം | വർഷം | ഫണ്ട് | വികസന പ്രവർത്തനങ്ങൾ | തുക | പുരോഗതി |
|---|---|---|---|---|---|
| 1 | 2016 -17 | മുനിസിപ്പൽ ഫണ്ട് | ഓപ്പറേഷൻ തീയേറ്റർ ഉപകരണങ്ങൾ | 10 ലക്ഷം | കെ.എം.എസ്.സി.എൽ നിന്ന് വാങ്ങി ഉപയോഗിക്കുന്നു. |
| 2 | 2016-17 | മുനിസിപ്പൽ ഫണ്ട് | സർജിക്കൽ ഉപകരണം | 25 ലക്ഷം | കെ.എം.എസ്.സി.എൽ നിന്ന് വാങ്ങി ഉപയോഗിക്കുന്നു. |
| 3 | 2017-18 | മുനിസിപ്പൽ ഫണ്ട് | ഡയാലിസിസ് യൂണിറ്റ്- 4 എണ്ണം | 2092524 | കെ.എം.എസ്.സി.എൽ നിന്ന് വാങ്ങി ഉപയോഗിക്കുന്നു. |
| 4 | 2017-18 | മുനിസിപ്പൽ ഫണ്ട് | സോളാർ പാനൽ | 1389500 | അനർട്ട് വഴി സ്ഥാപിച്ചു |
| 5 | 2018-19 | മുനിസിപ്പൽ ഫണ്ട് | ദന്തൽ ഉപകരണങ്ങൾ | 739786 | കെ.എം.എസ്.സി.എൽ നിന്ന് വാങ്ങി ഉപയോഗിക്കുന്നു. |
| | 2018-19 | മുനിസിപ്പൽ ഫണ്ട് | ആശുപത്രിമരുന്നുകൾ | 1 ലക്ഷം | കെ.എം.എസ്.സി.എൽ |

| | | | | | |
|---|---|---|---|---|---|
| 6 | | | | | നിന്ന് വാങ്ങി ഉപയോഗിക്കുന്നു. |
| 7 | 2019-20 | മുനിസിപ്പൽ ഫണ്ട് | ക്യാഷാലിറ്റി എയർ കണ്ടീഷണർ | 457500 | പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ സബ്ഡിവിഷൻ വഴി സ്ഥാപിച്ചു. |
| 8 | 2019-20 | മുനിസിപ്പൽ ഫണ്ട് | ആശുപത്രി മരുന്നുകൾ | 9 ലക്ഷം | കെ.എം.എസ്.സി.എൽ നിന്ന് വാങ്ങി ഉപയോഗിക്കുന്നു. |
| 9 | 2019-20 | മുനിസിപ്പൽ ഫണ്ട് | സി.റ്റി സ്കാൻ പവർ ലോൺട്രി എന്നിവയ്ക്കായി എച്ച്.റ്റി ടെർമിനൽ കണക്ഷൻ | 48 ലക്ഷം | പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ സബ്ഡിവിഷന് തുക കൈമാറി വർക്ക് ആരംഭിച്ചില്ല. |
| 10 | 2019-20 | മുനിസിപ്പൽ ഫണ്ട് | ഉപകരണങ്ങൾ, ഫർണിച്ചർ | 968875 | ടെണ്ടർ നടപടികൾ മുഖേന ലഭ്യമാക്കി |
| 11 | 2019-20 | സ്റ്റേറ്റ് എൻ.എച്ച്.എം | എം. സി.എച്ച്.ബ്ലോക്കിന്റെ നിർമ്മാണം | 3.15 കോടി | വർക്ക് പുരോഗമിക്കുന്നു. |
| 12 | 2019 -20 | എം.എൽ.എ ഫണ്ട് | ലാബ് ബിൽഡിംഗ് നിർമ്മാണം | 69.39 ലക്ഷം | ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് മുഖേന 70% വർക്ക് പൂർത്തിയായി |
| 13 | 2019-20 | എം.പി ഫണ്ട് | ഓൺലൈൻ യു.പി.എസ് സ്ഥാപിക്കൽ | 105966 | വർക്ക് ഓർഡർ ആലപ്പുഴ പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ സബ് ഡിവിഷന് നൽകി. |
| 14 | 2019-20 | എം.പി ഫണ്ട് | 2 പോർട്ടബിൾ വെന്റിലേറ്റർ | 1220800 | കെ.എം.എസ്.സി.എൽ നിന്ന് വാങ്ങി ഉപയോഗിക്കുന്നു. |
| 15 | 2019-20 | എം.എൽ.എ ഫണ്ട് | അത്യാധുനിക ആംബുലൻസ് | 35 ലക്ഷം | ആംബുലൻസ് വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു വരുന്നു. |
| 16 | 2020-21 | മുനിസിപ്പൽ ഫണ്ട് | ആശുപത്രി ഓഫീസ് നവീകരണ വർക്ക് | 20 ലക്ഷം | ARTCO വഴി പൂർത്തീകരിച്ചു |
| 17 | 2020-21 | മുനിസിപ്പൽ ഫണ്ട് | ലാബ് ഉപകരണം | 3213317 | കെ.എം.എസ്.സി.എൽ ന് ഫണ്ട് കൈമാറി |
| 18 | 2020-21 | മുനിസിപ്പൽ ഫണ്ട് | ധർമ്മ ചികിത്സാ പദ്ധതി | 511233 | കെ.എം.എസ്.സി.എൽ നിന്ന് മരുന്നു വാങ്ങി നൽകി |
| 19 | 2020-21 | മുനിസിപ്പൽ ഫണ്ട് | ബായോസേഫ്റ്റി | 565645 | കെ.എം.എസ്.സി.എൽ |

| | | | | | |
|---|---|---|---|---|---|
| | | | ക്യാബിൻ | | ന് ഫണ്ട് കൈമാറി |

## 2. ഭരണിക്കാവ് പ്രാഥമികാരോഗ്യകേന്ദ്രം

പുതിയ ഒ.പി കെട്ടിടത്തിനായി 64.4 ലക്ഷം രൂപ( ജില്ലാ പഞ്ചായത്ത് 25 ലക്ഷം രൂപ ഭരണിക്കാവ് ഗ്രാമ പഞ്ചായത്ത് 25 ലക്ഷം രൂപ, എൻ.എച്ച്.എം ആലപ്പുഴ 14.4 ലക്ഷം രൂപ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പുരോഗമിച്ചു വരുന്നു.

| ക്രമ നം | ഫണ്ട് | പദ്ധതി | തുക |
|---|---|---|---|
| 1 | ഗ്രാമ പഞ്ചായത്ത് വിഹിതം | പാലിയേറ്റീവ് കെയർ | 55,38,320 |
| 2 | ഗ്രാമ പഞ്ചായത്ത് വിഹിതം | മരുന്ന് വാങ്ങൽ | 46,15,000 |
| 3 | ഗ്രാമ പഞ്ചായത്ത് വിഹിതം | ക്യാൻസർ ക്യാമ്പ് | 1 ലക്ഷം |
| 4 | ഗ്രാമ പഞ്ചായത്ത് വിഹിതം | ഉപകരണങ്ങൾ വാങ്ങൽ | 3 ലക്ഷം |
| 5 | ഗ്രാമ പഞ്ചായത്ത് വിഹിതം | കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ വാടക | 10 ലക്ഷം |
| 6 | ഗ്രാമ പഞ്ചായത്ത് വിഹിതം | ക്യാൻസർ ക്യാമ്പ് | 1 ലക്ഷം |
| 7 | ഗ്രാമ പഞ്ചായത്ത് വിഹിതം | വൃക്ക, ക്യാൻസർ രോഗികളുടെ പരിപാലനം | 7.5 ലക്ഷം |
| 8 | ഗ്രാമ പഞ്ചായത്ത് വിഹിതം | ഡോക്ടർമാർ പാരാമെഡിക്കൽ സ്റ്റാഫ് വേതനം | 7.21 ലക്ഷം |
| 9 | ഗ്രാമ പഞ്ചായത്ത് വിഹിതം | കോവിഡ് 19 പ്രതിരോധ പ്രവർത്തനം | 10 ലക്ഷം |
| 10 | എൻ.എച്ച്.എം ഫണ്ട് | വിവിധപദ്ധതികൾക്കായി എൻ.എച്ച്.എം അനുവദിച്ചത് | 2462747 |

## 3. കണ്ടല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രം

കെട്ടിട നവീകരണത്തിനായി 12 ലക്ഷം രൂപ(എൻ.എച്ച്.എം 12 ലക്ഷം രൂപ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ചു.

കണ്ടല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കീഴിൽ വരുന്ന വാർഡ് 13 കൊച്ചിയുടെ ജെട്ടി സബ് സെന്ററിന് 35 ലക്ഷം രൂപ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി എസ്റ്റിമേറ്റ് ആരോഗ്യ വകുപ്പിന് നൽകിയിട്ടുള്ളതാണ്.

## 4. പത്തിയൂർ പ്രാഥമികാരോഗ്യ കേന്ദ്രം

കെട്ടിട നവീകരണത്തിനായി 30.5 ലക്ഷം രൂപ ( പത്തിയൂർ ഗ്രാമപഞ്ചായത്ത് 15 ലക്ഷം രൂപ എൻ.എച്ച്.എം 15.5 ലക്ഷം രൂപ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചു.

| ക്രമ നം | ഫണ്ട് | പദ്ധതി | തുക |
|---|---|---|---|
| 1 | ഗ്രാമ പഞ്ചായത്ത് വിഹിതം | പാലിയേറ്റീവ് കെയർ | 30 ലക്ഷം |
| 2 | ഗ്രാമ പഞ്ചായത്ത് വിഹിതം | മരുന്ന് വാങ്ങൽ | 4 ലക്ഷം |
| 3 | ഗ്രാമ പഞ്ചായത്ത് വിഹിതം | ക്യാൻസർ ക്യാമ്പ് | 4 ലക്ഷം |

## 5. കൃഷ്ണപുരം പ്രാഥമികാരോഗ്യ കേന്ദ്രം

പുതിയ ഒ.പി ലാബ് കെട്ടിടത്തിനായി 81 ലക്ഷം രൂപ ( എം.എൽ.എ ഫണ്ട് 20 ലക്ഷം രൂപ, ജില്ലാ പഞ്ചായത്ത് 10 ലക്ഷം രൂപ, കൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് 37 ലക്ഷം രൂപ, എൻ.എച്ച്.എം 14 ലക്ഷം രൂപ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചു.

| ക്രമ നം | ഫണ്ട് | പദ്ധതി | തുക |
|---|---|---|---|
| 1 | ഗ്രാമ പഞ്ചായത്ത് വിഹിതം | പാലിയേറ്റീവ് കെയർ | 30.6 ലക്ഷം |
| 2 | ഗ്രാമ പഞ്ചായത്ത് വിഹിതം | മരുന്ന് വാങ്ങൽ | 10 ലക്ഷം |
| 3 | ഗ്രാമ പഞ്ചായത്ത് വിഹിതം | ആശുപത്രിയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ | 2 ലക്ഷം |
| 4 | ഗ്രാമ പഞ്ചായത്ത് വിഹിതം | ആശാ പ്രവർത്തകർക്ക് യൂണി ഫോം | 20000 |
| 5 | ഗ്രാമ പഞ്ചായത്ത് വിഹിതം | പ്രതിരോധ കുത്തി വെയ്പ് | 10000 |
| 6 | എൻ.എച്ച്.എം | പൾസ് പോളിയോ | 35000 |
| 7 | എൻ.എച്ച്.എം | കോവിഡ് 19 പ്രതിരോധ പ്രവർത്തനം | 15000 |
| 8 | എൻ.എച്ച്.എം | എൻ.സി.ഡി ക്ലിനിക്ക് | 1.25 ലക്ഷം |

## 6. ചെട്ടികുളങ്ങര പ്രാഥമികാരോഗ്യ കേന്ദ്രം

കെട്ടിട നവീകരണത്തിനായി 58 ലക്ഷം രൂപ ( ജില്ലാ പഞ്ചായത്ത് 20 ലക്ഷം രൂപ ചെട്ടിക്കുളങ്ങര ഗ്രാമ പഞ്ചായത്ത് 28 ലക്ഷം രൂപ, എൻ.എച്ച്.എം ഫണ്ട് 10 ലക്ഷം രൂപ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ചു.

ചെട്ടികുളങ്ങര പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കീഴിൽ വരുന്ന ഈരേഴ് വടക്ക് സബ് സെന്റർ കെട്ടിടത്തിന് 36 ലക്ഷം രൂപ ഗവൺമെന്റ് അനുവദിച്ചിട്ടുള്ളതിൽ പി.ഡബ്ല്യൂ.ഡി എസ്റ്റിമേറ്റ് ആരോഗ്യ വകുപ്പിന് നൽകിയിട്ടുള്ളതാണ്.

| ക്രമ നം | ഫണ്ട് | പദ്ധതി | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ഗ്രാമ പഞ്ചായത്ത് വിഹിതം | പാലീയേറ്റീവ് കെയർ | 1957256 |
| 2 | ഗ്രാമ പഞ്ചായത്ത് വിഹിതം | ക്യാൻസർ ക്യാമ്പ് | 336339 |
| 3 | എൻ.എച്ച്.എം | വാർഡ് ഹെൽത്ത് സാനിട്ടേഷൻ | 1340000 |
| 4 | എൻ.എച്ച്.എം | പൾസ് പോളിയോ | 85205 |
| 5 | എൻ.എച്ച്.എം | സബ് സെന്റർ ഫണ്ട് | 80000 |
| 6 | എൻ.എച്ച്.എം | ക്ഷയരോഗ നിർമ്മാർജ്ജന പരിപാടി | 56352 |
| 7 | എൻ.എച്ച്.എം | മാനസികാരോഗ്യ പരിപാടി | 15000 |
| 8 | എൻ.എച്ച്.എം | കായകല്പ പദ്ധതി | 36500 |
| 9 | എൻ.എച്ച്.എം | മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ | 246125 |

## 7. ദേവികുളങ്ങര പ്രാഥമികാരോഗ്യ കേന്ദ്രം

കെട്ടിട നവീകരണത്തിനായി 14 ലക്ഷം രൂപ (എൻ.എച്ച്.എം 14 ലക്ഷം രൂപ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ചു. സ്ത്രീ സുരക്ഷ ടോയ്‌ലറ്റ് 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## 8.ചേരാവള്ളി അർബൻ പ്രാഥമികാരോഗ്യ കേന്ദ്രം

കെട്ടിട നവീകരണത്തിനായി 7 ലക്ഷം രൂപ ( എൻ.എച്ച്.എം 7 ലക്ഷം രൂപ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ചു.